പാറശ്ശാല ഡിപ്പോയിലെ ബസ്സുകളുടെ എണ്ണക്കുറവ് പരിഗണിച്ച് ആവശ്യമായ ബസ്സുകളനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) 7/07 മുതലാണ് പുതിയ ബസ്സുകൾ നിരത്തിലിറക്കിയത്. അതിനുശേഷം ഘട്ടംഘട്ടമായി മേൽപ്പറഞ്ഞ യൂണിറ്റുകൾക്കനുവദിച്ച ബസ്സുകളുടെ എണ്ണം താഴെ ചേർക്കുന്നു :

	പുതിയത്	Re-allocation
നെയ്യാറ്റിൻകര	18	11 = 29
പാറശ്ശാല	15	18 = 33
വെള്ളറട	12	2= 14
പൂവാർ	14	13=27

(സി & ഡി) JnNURM പദ്ധതി പ്രകാരമുള്ള ബസ്സുകൾ തിരുവനന്തപുരം നഗരപരിധിയിൽ മാത്രം സർവ്വീസ് നടത്തുന്നതിലേയ്ക്കായി തുടങ്ങിയ സർവ്വീസുകളാണ്. ആയതിനാൽ മറ്റു മേഖലകളിലേയ്ക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

കെ.എസ്.ആർ.ടി.സി.യിൽ ഉദ്യോഗസ്ഥരുടെ അനധികൃത സൗജന്യ പാസ്സ് ഉപയോഗം തടയാൻ നടപടി

176 (5396) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ സൗജന്യ യാത്രാ പാസ് ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് നൽകാറുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള കാറുകളും, ജീപ്പുകളും ഉപയോഗിക്കുന്നത് ഏതുതലം വരെയുള്ള ഉദ്യോഗസ്ഥരാണെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത ഉദ്യോഗസ്ഥരുടെ ആവശ്യത്തിന് മൊത്തം എത്ര വാഹനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് ;

(സി) യാത്രാപാസ്സും, പ്രത്യേക വാഹനസൗകര്യവും ഒരേ ഉദ്യോഗസ്ഥനുള്ള കാര്യം അറിവുണ്ടോ ; എങ്കിൽ അത് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കെ.എസ്. ആർ.ടി. സി.യിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിബന്ധനകൾക്ക് വിധേയമായി സൗജന്യ യാത്രാപാസ് നൽകുന്നുണ്ട്.

(ബി) സർപ്രൈസ് സ്കാഡ് മേധാവികൾക്കും യൂണിറ്റുകളിൽ പരിശോധന നടത്താൻ അധികാരപ്പെടുത്തിയിട്ടുള്ള മെക്കാനിക്കൽ ആഫീസർമാർക്കും യൂണിറ്റധികാരികൾക്കും പുറമെ കെ. എസ്. ആർ.ടി.സി.യുടെ ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

ആഫീസിലെ ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ആഫീസർ മുതൽ ഉയർന്ന റാങ്കിലുള്ള സീനിയർ ഉദ്യോഗസ്ഥർക്ക് ഔദ്യോഗികാവശ്യത്തിന് മാത്രമാണ് പ്രത്യേക വാഹനം അനുവദിച്ചിട്ടുള്ളത്. ആകെ 53 വാഹനങ്ങളാണ് സംസ്ഥാനാടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ളത്.

(സി) കെ. എസ്. ആർ. ടി. സി.-യിലെ എല്ലാത്തരം ജീവനക്കാർക്കും ഉന്നതോദ്യോഗസ്ഥർക്കും യഥാക്രമം ഡ്യൂട്ടിക്ക് വരുന്നതിനും പോകുന്നതിനും ഡ്യൂട്ടിപ്പാസും മെറ്റൽ പാസും അനുവദിച്ചിട്ടുണ്ട്. പാസാനുകൂല്യം സേവന വേതനക്കാരാർ പ്രകാരം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതാണ്. ചോദ്യം (ബി) യുടെ ഉത്തരത്തിൽ പരാമർശിച്ചിരിക്കുന്ന സീനിയർ ഉദ്യോഗസ്ഥർക്ക് അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി അത്യാവശ്യമായി എത്തേണ്ട സ്ഥലങ്ങളിൽ താമസംവിനാ എത്തുന്നതിനുള്ള സൗകര്യം നൽകുന്നതിലേക്കായാണ് വാഹന സൗകര്യം അനുവദിച്ചിരിക്കുന്നത്. സീനിയർ ഉദ്യോഗസ്ഥർക്ക് പല അവസരങ്ങളിലും ഔദ്യോഗിക വാഹനം ലഭിക്കാത്ത സാഹചര്യത്തിൽ ഔദ്യോഗികാവശ്യങ്ങൾക്ക് ഹെഡ് ക്വാർട്ടേഴ്സ് വിട്ടുപോകേണ്ട ആവശ്യം ഉള്ളതിനാൽ അനുവദിച്ചു കൊടുത്തിട്ടുള്ള പാസ് പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ്

177 (5397) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II തസ്തികയിലേക്ക് നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ആ ലിസ്റ്റിൽ നിന്നും നിയമനത്തിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേർക്ക് നിയമനം നൽകി എന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും ഒഴിവുകളുടെ എണ്ണം എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 4-4-2007 - 96 പേർ

22-1-2009 - 44 പേർ

17-5-2010 - 22 പേർ എന്നിങ്ങനെ 162 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതിൽ RIB(2)15093/03/GW തീയതി 20-4-2010 പ്രകാരം 2 പേരുടെയും, RIB(2)5947/10/GW തീയതി 3-5-2010 പ്രകാരം 138 പേരുടേയും അഡ്വൈസ് ലഭിച്ചു. 140 പേർക്കും നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly